Draft #7 of File 49648/AC A5/1/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 19-Dec-2019 07:35 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

05.12.2019 ന ചേർന്ന സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ ശിപാർശകൾ അംഗീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് - പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 6537/AC A 5/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.12.2019

---

പരാമർശം:-1. 05.12 .2019 ന ചേർന്ന സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ മിനുട്സ്

2. യു.ഒ.നം 6029/Ac AV/2019/എം.ജി.യു. , തീയതി 27.11.2019

3. യു.ഒ.നം 3725/Ac AV/2019/എം. ജി. യു., തീയതി 01.08.2019

4. യു.ഒ.നം 6123/Ac AV/2019/എം. ജി. യു., തീയതി 02.12.2019

5. യു.ഒ.നം 6462/Ac AV/2019/എം. ജി. യു., തീയതി 16.12.2019

**ഉത്തരവ്**

പരാമർശം (1) പ്രകാരം 05.12.2019 ൽ ചേർന്ന സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗം താഴെ പറയുന്ന ശിപാർശകൾ നല്കിയിരിക്കുന്നു.

1. സർവ്വകലാശാല പഠന വകുപ്പുകളിലേയും , സെന്ററുകളിലെയും അക്കാദമിക പ്രവർത്തനങ്ങൾ, സി.എസ്.എസ്. റെഗുലേഷൻ പരിഷ്കരണം, പരീക്ഷ നടത്തിപ്പ് എന്നിവ സംബന്ധിച്ച് പഠിക്കുന്നതിനു സിന്റിക്കേറ്റ് നിയമിച്ച പഠന സമിതിയുടെ ശിപാർശകൾ പരാമർശം (2) പ്രകാരം അംഗീകരിച്ചു ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ ഇനം നമ്പർ 4 (Integrated P.G. Programmes shall be permitted to conduct in all statutory departments ) , ഇനം നമ്പർ 7 (Vacant teaching Posts shall be filled on the basis of "Tenure System" basis) എന്നിവ പരീക്ഷ സംബന്ധിയല്ലാത്തതിനാൽ ഒഴിവാക്കുന്നതിനും, സിന്റിക്കേറ്റ് നിയമിച്ച പ്രസ്തുത പഠന സമിതിയുടെ റിപ്പോർട്ട് നടപ്പിലാക്കേണ്ട കാലയളവ് 2019-2020 എന്നത് 2020-2021 അക്കാദമിക വർഷമാക്കിയും പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പരിഷ്കരിക്കാൻ സമിതി ശിപാർശ ചെയ്തു.

2. സ്കൂൾ ഓഫ് കെമിക്കൽ സയൻസ് മേധാവി സർപ്പിച്ചിരിക്കുന്ന എം.എസ്.സി പ്രോഗ്രാമുകളുടെ സ്കീം , പരാമർശം (3) പ്രകാരമുള്ള ഉത്തരവിലെ ഇനം നമ്പർ 3-ന് (C.S.S. Regulations 2016- ലെ Clause 3.6- ൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തുവാൻ ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു. " A Semester shall except in the case of M.Sc Programmes with full semester research project work in a semester, consist of 4-9 courses and shall be worth a minimum of 16 credits and maximum of 24 credits.") അനുസൃതമാണെന്നു നിരീക്ഷിച്ച സമിതി, പ്രസ്തുത ഉത്തരവിലെ ഇനം നമ്പർ 3.1-ൽ (മേൽ ശിപാർശ അനുസരിച്ച് School of Chemical Sciences-ലെ M.Sc പ്രോഗ്രാമുകളുടെ 2017 admission year മുതലുള്ള ബാച്ചുകളുടെ Scheme-ലെ കോഴ്സുകളുടെ ക്രെഡിറ്റുകൾ

പുനഃക്രമീകരിച്ച Scheme and Syllabus തയ്യാറാക്കി അക്കാദമിക് കൗൺസിലിൻറെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് School of Chemical Sciences വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നതിനു ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.) പ്രതിപാദിക്കും വിധം പ്രസ്തുത സ്കീം വീണ്ടും അക്കാദമിക് കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിക്കേണ്ടതില്ല എന്ന് ശിപാർശ ചെയ്തു

3. സർവ്വകലാശാലയുടെ എല്ലാ ഡിപ്പാർട്മെന്റ്/ സ്കൂൾ/ സെന്ററുകളിലെ ഓപ്പൺ കോഴ്സുകളുടെ പരീക്ഷ നടത്തിപ്പിലുള്ള അവ്യക്തത പരിഹരിക്കുന്ന വിഷയം സംബന്ധിച്ച് 28.11.2019-ന് വൈസ് ചാൻസലറുടെ കോൺഫെറൻസ് ഹാളിൽ കൂടിയ ഡിപ്പാർട്മെൻറ് / സ്കൂൾ/ സെന്റർ മേധാവികളുടെ യോഗം, എല്ലാ ഡിപ്പാർട്മെന്റ് /സ്കൂൾ/സെന്ററുകളിലെ ഓപ്പൺ കോഴ്സുകളുടെ പരീക്ഷ 18.12.2019 / 20.12.2019 എന്നീ തീയതികളിൽ നടത്താനും അതനുസരിച്ചു പരീക്ഷ ടൈം ടേബിളിൽ വേണ്ട മാറ്റങ്ങൾ വരുത്തി പരീക്ഷകൾ നടത്താനുള്ള ശിപാർശ, ബഹു: വൈസ് ചാൻസിലർ അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിച്ചത് (പരാമർശം 4 ) സി.എസ്.എസ്. അക്കാദമിക് ഉപദേശക സമിതി യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

4. 15.10.2019- ന് ചേർന്ന സി.എസ്.എസ്. അക്കാദമിക് ഉപദേശക സമിതി യോഗം സർവകലാശാലക്ക് കീഴിലുള്ള വിവിധ പഠന വകുപ്പുകളിലെ പ്രോഗ്രാമുകളെ സി.എസ്.എസ് റെഗുലേഷന് അനുസൃതമായി ചിട്ടപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും, പഠനവകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി സി.എസ്.എസ് റെഗുലേഷൻസുമായി ബന്ധപ്പെട്ട ദ്വിദിന വർക്ഷോപ്പ് നവംബർ മാസത്തിൽ നടത്തുവാൻ ശിപാർശ ചെയ്തിരുന്നു . പ്രസ്തുത വർക്ക്ഷോപ്പ് സർവ്വകലാശാലക്ക് കീഴിലുള്ള വിവിധ സ്കൂൾ/ ഡിപ്പാർട്മെൻറ് സെന്റേഴ്സ് എന്നിവിടങ്ങളിലെ വിവിധ പ്രോഗ്രാമുകളുടെ സ്കീം സിലബസ് എന്നിവയുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട 5 ദിവസത്തെ Outcome based Scheme and Syllabus Programmes വർക്ക് ഷോപ്പിന് ഒപ്പം ചേർന്ന് 2020 ജനുവരി മാസത്തിൽ നടത്തുവാൻ ശിപാർശ ചെയ്തു.

സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ മേൽ ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം 3 ഛേദം 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചു .

പരാമർശം (5) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

Draft #7 of File 49648/AC A5/1/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 19-Dec-2019 07:35 AM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

പകർപ്പ്

1. എല്ലാ പഠന വകുപ്പ് / സെന്റർ മേധാവികൾക്കും
2. കൺവീനർ ,സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി
3.വൈസ് ചാൻസിലറുടെ പി.എസ് / പ്രൊ വൈസ് ചാൻസിലറുടെ പി.എസ്
4.രജിസ്ട്രാറുടെ പി.എ / പരീക്ഷ കൺട്രോളറുടെ / ഫിനാൻസ് ഓഫീസറുടെ പി .എ /
5.ജെ.ആർ 2 (admin) /ഡി.ആർ 2 , എ.ആർ 3 (academic)
6.എ.സി.എ 12 / എ.സി.ബി 6/ എ.സി.ബി 7 /എ.ഡി.ബി 6
7.സി.എം.എസ് /ഐ.ക്യൂ .എ.സി . / സി .എസ് .എസ് . സെക്ഷൻ

Draft #7 of File 49648/AC A5/1/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 19-Dec-2019 07:35 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം